തകർക്കപ്പെട്ട ശ്രീനാരായണ ഗുരുമന്ദിരങ്ങൾ പുതുക്കിപ്പ ണിയണമെന്ന ആവശ്യം

15 (752) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) തകർക്കപ്പെട്ട ശ്രീനാരായണ ഗുരുമന്ദിരങ്ങൾ സർക്കാർ പുതുക്കി പ്പണിയണമെന്ന് ആവശ്യം ഉണ്ടായിട്ടുണ്ടോ;

(ബി) അതിനുവേണ്ടി എന്തു തുകയുടെ ചെലവുണ്ടാകുമെന്നു പറയുമോ;

(സി) തകർക്കപ്പെട്ട ശ്രീനാരായണ ഗുരുദേവ പ്രതിമകൾ വീണ്ടും നിർമ്മിക്കുന്നതിന് എന്തു ചെലവു വരും;

(ഡി) തകർക്കപ്പെട്ട ഗുരുദേവ പ്രതിമകൾ നന്നാക്കുവാനോ പുതു തായി ഉണ്ടാക്കുവാനോ ഗവൺമെന്റ് നടപടിയെടുക്കുമോ എന്ന് വ്യക്തമാ ക്കുമോ?

ഉത്തരം

(എ)-(ഡി) സാമൂഹ്യ വിരുദ്ധർ ഏതാനും ചില ഗുരുമന്ദിരങ്ങൾക്കും ഗുരുദേവ പ്രതിമകൾക്കും കേടുപാടുകൾ വരുത്തിയിട്ടുണ്ട്. കുറ്റവാളികളെ അടിയന്തിരമായി കണ്ടെത്താനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നത് തടയുവാനും കർശനമായ നടപടികൾ സത്വരമായി എടുക്കുവാൻ പോലീസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ നന്നാക്കുന്നതിനോ പുതുക്കിപ്പണിയുന്നതിനോ ഉള്ള ആവശ്യങ്ങളൊന്നും സർക്കാരിനു ലഭിച്ചിട്ടില്ല.

ഇംഗ്ലീഷ് ഭാഷയിലുള്ള ചട്ടങ്ങൾ ഒഴിവാക്കാൻ നടപടി

16 (753)ശ്രീ. പി.ജെ. ജോയി :
ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വകുപ്പുകളിലാണ് പൂർണ്ണമായും ഭരണഭാഷ മലയാളമാക്കിയിട്ടുള്ളത്;

(ബി) നിയമങ്ങൾ. ചട്ടങ്ങൾ, ഫോമുകൾ എന്നിവ പൂർണ്ണമായും മലയാളത്തിലാക്കി കഴിഞ്ഞുവോ;

(സി) ഇല്ലാത്തപക്ഷം അതിനുള്ള കാരണമെന്ത്;

(ഡി) മലയാളത്തിൽ നിയമസഭ പാസ്സാക്കുന്ന ബില്ലുകൾക്ക് ഇംഗ്ലീഷ് ഭാഷയിലുള്ള ചട്ടങ്ങൾ നിർമ്മിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത്തരം നടപടി ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 67 വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ബന്ധപ്പെട്ട ഭരണവകുപ്പുകളിലും എല്ലാ ഔദ്യോഗിക ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്കും മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്നു നിർദ്ദേശിച്ചുകൊണ്ട് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാപനങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) പരിശോധിക്കുന്നതാണ്.

സന്നദ്ധസംഘടനകൾക്ക് വിദേശത്തുനിന്നുള്ള സാമ്പത്തിക സഹായം

17(755) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം സന്നദ്ധ സാമൂഹ്യസംഘടനകൾക്കാണ് വിദേശത്തുനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 1995 മുതൽ 2000 ജനുവരി 31 വരെ ഓരോ വർഷവും ഓരോ സംഘടനകൾക്കും എന്തു സഹായം എവിടെ നിന്നെല്ലാം ലഭിച്ചു എന്ന് വിശദമാക്കുമോ;

(സി) വിദേശ സഹായം ലഭിക്കുന്നത് പൂർണ്ണമായും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള സന്നദ്ധ സാമൂഹ്യ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതായി ഉറപ്പു വരുത്താൻ എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടു കൂടിയാണ് സന്നദ്ധ സാമൂഹ്യ സംഘടനകൾക്ക് വിദേശത്തുനിന്നും സാമ്പത്തിക സഹായം ലഭിക്കുന്നത്. ഇത് സംഘടനകൾക്ക് നേരിട്ടാണ് ലഭിക്കുന്നത്. വിദേശസഹായം പൂർണ്ണമായും സാമൂഹ്യ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമൊന്നുമില്ല.

സംസ്ഥാനത്തിന് ലഭിക്കാനുള്ള കേന്ദ്ര വിഹിതം

18 (756) ശ്രീ. എളമരം കരീം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് 1998-99 ൽ ലഭിക്കേണ്ട കേന്ദ്ര വിഹിതത്തിൽ ലഭിച്ച തുക എത്ര;

(ബി) കേന്ദ്ര വിഹിതത്തിൽ സംസ്ഥാനത്തിന് ലഭിക്കാനുള്ള തുകലഭിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) 1999-2000 വർഷത്തിൽ ലഭിക്കാനുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly